പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 97

# 2018-ലെ കേരള സർവ്വകലാശാല (ഭേദഗതി) ബിൽ

©

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

2018

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

Published on 05-02-2018

പതിനാലാം കേരള നിയമസഭ
ബിൽ നമ്പർ 97

# 2018-ലെ കേരള സർവ്വകലാശാല (ഭേദഗതി) ബിൽ

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 97

# 2018-ലെ കേരള സർവ്വകലാശാല (ഭേദഗതി ) ബിൽ

## 1974-ലെ കേരള സർവ്വകലാശാല ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

## ഒരു

## ബിൽ

പീഠിക.—1974-ലെ കേരള സർവ്വകലാശാല ആക്റ്റ് ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിയൊൻപതാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2018-ലെ കേരള സർവ്വകലാശാല (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2017 ഡിസംബർ 26-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. 17-ാം വകുപ്പിന്റെ ഭേദഗതി.—1974-ലെ കേരള സർവ്വകലാശാല ആക്റ്റിലെ (1974-ലെ 17) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 17-ാം വകുപ്പിൽ,—

(എ) " തിരഞ്ഞെടുക്കപ്പെടുന്ന അംഗങ്ങൾ" എന്ന ശീർഷകത്തിൻ കീഴിൽ,—

(i) (1)-ാം ഇനത്തിനു പകരം താഴെപ്പറയുന്ന ഇനം ചേർക്കേണ്ടതാണ്, അതായത്:—

"(1) സർക്കാർ കോളേജുകളിലെ പ്രിൻസിപ്പാൾമാർ അവർക്കിടയിൽ നിന്നും തെരഞ്ഞെടുക്കുന്ന മൂന്നുപേർ, അൺഎയ്ഡഡ് കോളേജുകളല്ലാത്ത സ്വകാര്യ കോളേജുകളിലെ പ്രിൻസിപ്പാൾമാർ അവർക്കിടയിൽ നിന്നും തെരഞ്ഞെടുക്കുന്ന മൂന്നുപേർ, അൺഎയ്ഡഡ് കോളേജുകളിലെ പ്രിൻസിപ്പാൾമാർ അവർക്കിടയിൽ നിന്നും തെരഞ്ഞെടുക്കുന്ന ഒരാൾ.";

(ii) (11)-ാം ഇനത്തിൽ "നാല് അംഗങ്ങൾ" എന്നീ വാക്കുകൾക്കു പകരം "ഒരു അംഗം" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്;

(ബി) "മറ്റംഗങ്ങൾ" എന്ന ശീർഷകത്തിൻ കീഴിൽ, (4)-ാം ഇനത്തിനുശേഷം താഴെപ്പറയുന്ന ഇനം ചേർക്കേണ്ടതാണ്, അതായത്:—

"(5) വിവരസാങ്കേതികവിദ്യാരംഗത്തുനിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരു അംഗം." .

3. <u>21-ാം വകുപ്പിന്റെ ഭേദഗതി.</u>—പ്രധാന . ആക്റ്റിലെ 21-ാം വകുപ്പിൽ, "മറ്റംഗങ്ങൾ" എന്ന ശീർഷകത്തിൻകീഴിൽ,—

(എ) (എ) ഇനത്തിൽ,—

(i) "പതിമൂന്ന്" എന്ന വാക്കിനുപകരം "പന്ത്രണ്ട്" എന്ന വാക്ക് ചേർക്കേണ്ടതാണ്;

(ii) (i)-ാം ഉപഇനത്തിൽ "ഏഴ്" എന്ന വാക്കിനുപകരം "ആറ്" എന്ന വാക്ക് ചേർക്കേണ്ടതാണ്;

(iii) (ii)-ാം ഉപഇനത്തിനുപകരം താഴെപ്പറയുന്ന ഉപഇനം ചേർക്കേണ്ടതാണ്, അതായത്:—

" (ii) കോളേജുകളിലെ രണ്ടു പ്രിൻസിപ്പാൾമാർ, അവരിൽ ഒരാൾ സർക്കാർ കോളേജിൽ നിന്നും, മറ്റൊരാൾ അൺഎയ്ഡഡ് കോളേജല്ലാത്ത സ്വകാര്യ കോളേജിൽ നിന്നും ആയിരിക്കേണ്ടതാണ്,";

(ബി) (ഡി) ഇനത്തിനുശേഷം താഴെപ്പറയുന്ന ഇനം ചേർക്കേണ്ടതാണ്, അതായത്:—

"(ഇ)17—ാം വകുപ്പിലെ "മറ്റംഗങ്ങൾ" എന്ന ശീർഷകത്തിൻ കീഴിലെ (5)—ാം ഇനത്തിൽ പരാമർശിക്കുന്ന അംഗം.".

4. <u>റദ്ദാക്കലും ഒഴിവാക്കലും.</u>—(1) 2017-ലെ കേരള സർവ്വകലാശാല (ഭേദഗതി) ഓർഡിനൻസ് (2017-ലെ 40) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽതന്നെയും, പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻ കീഴിൽ ചെയ്ത ഏതെങ്കിലും കാര്യമോ എടുത്ത ഏതെങ്കിലും നടപടിയോ ഈ ആക്റ്റ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻ കീഴിൽ ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

കേരള സർവ്വകലാശാലയിലെ സെനറ്റിലും സിൻഡിക്കേറ്റിലും ചില ബന്ധപ്പെട്ട കക്ഷികൾക്ക് മതിയായ പ്രാതിനിധ്യം ഉള്ളതായി കാണുന്നില്ല. എന്നാൽ, ചിലർക്ക് കൂടുതൽ പ്രാതിനിധ്യം ലഭിക്കുകയും ചെയ്യുന്നു. ഇക്കാലത്ത്, ഉന്നത വിദ്യാഭ്യാസ മേഖലയിൽ വളരെയേറെ വികാസം പ്രാപിച്ചതും നിർണ്ണായകവുമായ ഒരു മേഖലയാണ് വിവരസാങ്കേതിക വിദ്യ. ആ മേഖലയ്ക്ക് മതിയായ പ്രാതിനിധ്യം നൽകേണ്ടതാണ്. 17-ാം വകുപ്പിലെ "തിരഞ്ഞെടുക്കപ്പെടുന്ന അംഗങ്ങൾ" എന്ന ശീർഷകത്തിൻകീഴിലെ (1)-ഉം (11)-ഉം ഇനങ്ങൾ ഭേദഗതി ചെയ്തുകൊണ്ടും അതേ വകുപ്പിലെ "മറ്റംഗങ്ങൾ" എന്ന ശീർഷകത്തിൻകീഴിൽ (5) എന്ന പുതിയ ഇനം ചേർത്തുകൊണ്ടും കേരള സർവ്വകലാശാലയുടെ സെനറ്റിലും സിൻഡിക്കേറ്റിലും മതിയായ പ്രാതിനിധ്യം ഉറപ്പുവരുത്തുന്നതിന് 1974-ലെ കേരള സർവ്വകലാശാലാ ആക്റ്റ് (1974-ലെ 17) ഭേദഗതി ചെയ്യുന്നതിന് സർക്കാർ തീരുമാനിക്കുകയുണ്ടായി. 17-ാം വകുപ്പിലെ "തിരഞ്ഞെടുക്കപ്പെടുന്ന അംഗങ്ങൾ" എന്ന ശീർഷകത്തിൻകീഴിൽ സർക്കാർ കോളേജുകളിലെ പ്രിൻസിപ്പാൾമാർ അവർക്കിടയിൽ നിന്നും തെരഞ്ഞെടുക്കുന്ന മൂന്നു പേർ, അൺ എയ്ഡഡ് കോളേജുകളല്ലാത്ത സ്വകാര്യ കോളേജുകളിലെ പ്രിൻസിപ്പാൾമാർ അവർക്കിടയിൽ നിന്നും തെരഞ്ഞെടുക്കുന്ന മൂന്നു പേർ, അൺ എയ്ഡഡ് കോളേജുകളിലെ പ്രിൻസിപ്പാൾമാർ അവർക്കിടയിൽ നിന്നും തെരഞ്ഞെടുക്കുന്ന ഒരാൾ എന്നിവർ ഉണ്ടായിരിക്കേണ്ടതാണെന്ന് നിർദ്ദേശിക്കുകയുണ്ടായി. "മറ്റംഗങ്ങൾ" എന്ന ശീർഷകത്തിൻകീഴിൽ (5) എന്ന പുതിയ ഇനം ചേർത്തുകൊണ്ട് വിവരസാങ്കേതിക വിദ്യാരംഗത്തു നിന്നുള്ള ഒരാളെ കൂടി സെനറ്റിൽ ഒരംഗമായി ഉൾപ്പെടുത്തേണ്ടതാണ്. 21-ാം വകുപ്പിലെ "മറ്റംഗങ്ങൾ" എന്ന ശീർഷകത്തിൻകീഴിലെ (എ) ഇനം ഭേദഗതി ചെയ്യുന്നതിനും (എ) ഇനത്തിന്റെ (1)-ാം ഉപഇനം ഭേദഗതി ചെയ്യുന്നതിനും (ii)-ാം ഉപഇനത്തിനു പകരം ചേർക്കുന്നതിനും അതേ വകുപ്പിൽ (ഡി) ഇനത്തിനുശേഷം (ഇ) എന്ന പുതിയ ഇനം ചേർക്കുന്നതിനും സർക്കാർ തീരുമാനിക്കുകയുണ്ടായി. 21-ാം വകുപ്പിൽ "മറ്റംഗങ്ങൾ" എന്ന ശീർഷകത്തിൻകീഴിലെ (എ) ഇനത്തിലെ (ii)-ാം ഉപഇനം പകരംചേർക്കുമ്പോൾ സർക്കാർ കോളേജിൽ നിന്നുള്ള ഒരു പ്രിൻസിപ്പാളും അൺഎയ്ഡഡ് കോളേജല്ലാത്ത സ്വകാര്യ കോളേജിൽ നിന്നുള്ള ഒരു പ്രിൻസിപ്പാളും ഉൾപ്പെടുന്ന, കോളേജുകളിലെ രണ്ട് പ്രിൻസിപ്പാൾമാർ ഉണ്ടായിരിക്കുന്നതാണ്.

2. കേരള നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾക്ക് ഉടൻ പ്രാബല്യം നൽകേണ്ടിയിരുന്നതിനാലും 2017-ലെ കേരള സർവ്വകലാശാല (ഭേദഗതി) ഓർഡിനൻസ്, 2017 ഡിസംബർ 26-ാം തീയതി കേരള ഗവർണർ വിളംബരപ്പെടുത്തുകയും ആയത് 2017 ഡിസംബർ 26-ാം തീയതിയിലെ

2862-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ 2017-ലെ 40-ാം നമ്പർ ഓർഡിനൻസായി പ്രസിദ്ധീകരിക്കുകയും ചെയ്തു.

3. പ്രസ്തുത ഓർഡിനൻസിനു പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല.

പ്രൊഫ. സി. രവീന്ദ്രനാഥ്.

(ശരിത്തർജ്ജമ)

# 1974 -ലെ കേരള സർവ്വകലാശാല ആക്റ്റിൽ (1974-ലെ 17) നിന്നുള്ള പ്രസക്ത ഭാഗങ്ങൾ

** ** ** **

17. സെനറ്റ്.— സെനറ്റിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്, അതായത്:—

** ** ** **

തിരഞ്ഞെടുക്കപ്പെടുന്ന അംഗങ്ങൾ

(1) പ്രിൻസിപ്പൽമാർ അവരുടെ ഇടയിൽ നിന്നും തിരഞ്ഞെടുക്കുന്ന ഏഴംഗങ്ങൾ–അവരിൽ രണ്ടുപേർ ഗവൺമെന്റ് കോളേജ് പ്രിൻസിപ്പൽമാരുടെ ഇടയിൽ നിന്നും, ഒരാൾ സാങ്കേതിക കോളേജ് പ്രിൻസിപ്പൽമാരുടെ ഇടയിൽ നിന്നും, ഒരാൾ ജൂനിയർ കോളേജ് പ്രിൻസിപ്പൽമാരുടെ ഇടയിൽ നിന്നും ആയിരിക്കേണ്ടതാണ്;

** ** ** **

(11) സർവ്വകലാശാലാപ്രദേശത്തെ സ്വകാര്യ കോളേജുകളിലെ മാനേജർമാർ അവരുടെ ഇടയിൽ നിന്നും തിരഞ്ഞെടുക്കുന്ന നാല് അംഗങ്ങൾ;

** ** ** **

മറ്റംഗങ്ങൾ

(4) ഉന്നതവിദ്യാഭ്യാസ മേഖലയിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന അഞ്ചിൽ കവിയാത്ത അംഗങ്ങൾ അവരിൽ ഒരാൾ വനിതയും ഒരാൾ പട്ടികജാതി/ പട്ടികഗോത്രവർഗ്ഗത്തിൽ നിന്നുള്ള ആളും ആയിരിക്കേണ്ടതുമാണ്.

** ** ** **

21. സിൻഡിക്കേറ്റ്.—സിൻഡിക്കേറ്റ് സർവ്വകലാശാലയുടെ മുഖ്യ ഭരണനിർവ്വഹണ സമിതിയായിരിക്കുന്നതും, അതിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കുന്നതുമാണ്, അ തായത്:—

** ** ** **

<u>മറ്റംഗങ്ങൾ</u>

(എ) സെനറ്റ് അവരുടെ ഇടയിൽ നിന്നും തിരഞ്ഞെടുക്കുന്ന പതിമൂന്ന് അംഗങ്ങൾ അവരിൽ,–

(i) ഏഴുപേർ അദ്ധ്യാപകരല്ലാത്തയാളുകളും, അവരിൽ ഒരാൾ പട്ടികജാതിയിലോ/പട്ടികഗോത്രവർഗ്ഗത്തിലോപ്പെട്ടതായിരിക്കേണ്ടതാണ്;

(ii) രണ്ടുപേർ ഒന്നാം ഗ്രേഡ് കോളേജ് പ്രിൻസിപ്പൽമാരും–അതിൽ ഒരാൾ ഒരു ഗവൺമെന്റ് കോളേജ് പ്രിൻസിപ്പൽ ആയിരിക്കേണ്ടതാണ്;

** ** ** **

(ഡി) കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ നിർവ്വാഹക സമിതി അതിലെ അംഗങ്ങളിൽ നിന്നും നാമനിർദ്ദേശം ചെയ്ത അംഗം,

** ** ** **

---